## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6311    11/07/2012 ൽ മറുപടിക്ക്

### എൽ.ഡി.ക്ലാർക്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) എൽ.ഡി.ക്ലാർക്കിന്റെ ഏതെല്ലാം ജില്ലകളിലെ ലിസ്റ്റ് നിലവിൽ നിയമനത്തിനായി തയ്യാറായിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; പ്രസ്തുത ലിസ്റ്റിൽനിന്നും എന്നു മുതൽ അഡ്വൈസ് അയച്ചുതുടങ്ങാനാകുമെന്ന് അറിയിക്കുമോ ; | (എ) എൽ.ഡി. ക്ലാർക്ക് തസ്തികയിലെ 14 ജില്ലകളുടെയും റാങ്ക് ലിസ്റ്റ് 30.03.12ൽ നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നല്കാനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്യാൻ വൈകുന്നത് എന്തുകൊണ്ടാണ്; ലിസ്റ്റിന് എന്തെങ്കിലും സാങ്കേതികമായ പിശക് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) വികലാംഗർക്കും, വിദൂര സ്ഥലങ്ങളിൽ താമസിക്കുന്നവരുമായ ചില ഉദ്യോഗാർത്ഥികളുടെ പേരുകൾ സോപാധികമായിട്ടാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവർക്ക് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഹാജരാക്കുവാൻ സമയം നല്കിയിട്ടുണ്ട്. അതിനാൽ സോപാധികമായി ഉൾപ്പെടുത്തിയിരിക്കുന്നവരുടെ പ്രമാണ പരിശോധന നടത്തി അവരെ നിരുപാധികം ലിസ്റ്റിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ നിയമന ശിപാർശ നല്കുവാൻ കഴിയുകയുള്ളു. പ്രസ്തുത ലിസ്റ്റുകൾക്ക് സാങ്കേതികമായ പിശക് ഒന്നും സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ